# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മയിൽ നിന്നും

**സർക്കുലർ നമ്പർ: 132**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരേ,

2024 ജൂലൈ 7-ാം തീയതി ദശാംശ സമർപ്പണ ഞായറാഴ്ചയായി നാം വേർതിരിച്ചിരിക്കുന്നു. മന:പൂർവ്വമായി ദാനം ചെയ്യുക എന്നതാണ് ഈ വർഷത്തെ ദശാംശ സമർപ്പണ ഞായറാഴ്ചയിലെ ചിന്താവിഷയം. ലോകത്തിൽ നമുക്കുള്ളതെല്ലാം ദൈവീകദാനമാണ്. ദൈവം നൽകിയത് ദൈവസന്നിധിയിൽ സമർപ്പിക്കുന്നു എന്ന ബോദ്ധ്യത്തോടെ ദൈവരാജ്യകെട്ടുപണിക്കായി കൃതജ്ഞതാപൂർവ്വം ദാനം ചെയ്യുവാൻ നമുക്ക് കഴിയണം. ദൈവം ദാനമായി നല്കിയ ക്ഷണികമായ നമ്മുടെ ഈ ജീവിതം ധന്യമാകുന്നത് മറ്റുള്ളവരെ കരുതുന്നതിലും സഹായിക്കുന്നതിലുമാണ്. സഭയായി നടത്തുന്ന എല്ലാ പ്രേഷിതവൃത്തിക്കും വികസന പ്രവർത്തനങ്ങൾക്കും പ്രധാനമായും ധനം കണ്ടെത്തുന്നത് ദശാംശ സമർപ്പണ ഞായർ സ്തോത്രകാഴ്ചയിലൂടെ ആണ്.

വരുമാനത്തിന്റെ ദശാംശം വേർതിരിച്ച് സുവിശേഷ പ്രവർത്തനങ്ങൾക്കായി നൽകുന്ന മഹത്തായ പാരമ്പര്യം അഭംഗുരം തുടരണം. നമ്മുടെ സഭയിലെ വരുമാനമുള്ള എല്ലാ അംഗങ്ങളും സുവിശേഷ പ്രവർത്തനങ്ങൾക്കായി ദശാംശം വേർതിരിക്കണം. സമയം, സമ്പത്ത്, കഴിവ്, ബുദ്ധി ഇവയെല്ലാം ദൈവദാനമാണ്. ദശാംശം വേർതിരിച്ചു നല്കുന്നതിലൂടെ സഭയുടെ പ്രേഷിത പ്രവർത്തനത്തിലും ദൈവരാജ്യ ശുശ്രൂഷയിലും നാം സജീവമായി പങ്കുചേരുകയാണ് എന്ന ബോധ്യത്തോടെ എല്ലാവരും ദശാംശ സമർപ്പണത്തിൽ പങ്കുചേരണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ജൂലൈ 7-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ചയിൽ കവറിലുൾപ്പടെ ലഭിക്കുന്ന മുഴുവൻ തുകയും, സംഭാവനയായി ലഭിക്കുന്ന തുകകളും യഥാസമയം സഭാ ഓഫീസിൽ അടയ്ക്കുവാൻ ചുമതലക്കാർ ശ്രദ്ധിക്കുമല്ലോ.

പ്രിയരെ, ജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങളും ദൈവിക ദാനമാണ്. ഭൗതികവും ആത്മീയവുമായ വിഭവങ്ങൾ ശരിയായി വിനിയോഗിക്കുവാൻ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നു. നാം അതിന്റെ ഉടമസ്ഥരല്ല, കാര്യവിചാരകർ മാത്രമാണ്. ദൈവം നൽകുന്ന അനുഗ്രഹങ്ങളിൽ നിന്ന് ദൈവരാജ്യ പ്രവർത്തനത്തിനും മറ്റുള്ളവരുടെ നന്മയ്ക്കും വേണ്ടിയുള്ള ശുശ്രൂഷയിൽ പങ്കുവഹിക്കുവാൻ ഈ ദിനം നമ്മെ ആഹ്വാനം ചെയ്യുന്നു.

*"യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും" (സങ്കീർത്തനങ്ങൾ 116:12-13).*

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2024 മേയ് മാസം 30-ാം തീയതി,

Theodosius Metr

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 132**

*Blessings to all the vicars, resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

We have set apart July 7, 2024, as Tithe Sunday. The theme for this year's Tithe Sunday is to give willingly. All that we have in this world is a gift from God. We should be able to give with thanks for the extension of God's kingdom, with the awareness that what God has given is offered before God. Our transient life, which is God's gift, becomes blessed by caring for and helping others. The primary revenue for the gospel work and development activities carried out by the Church is through the Tithe Sunday offertory.

We should steadily continue our great tradition of setting aside the tithe of our income for the gospel work. Every earning member of our Church should set aside their tithe for gospel work. Time, wealth, talent, and intelligence are all gifts of God. We exhort everyone to participate in the tithe offering with the conviction that through our tithe we are actively participating in the mission work of the Church and the ministry of God's kingdom.

The office bearers should ensure that the entire amount received as offertory, including in envelopes, and the amount received as donation during the worship service on Sunday, 7th July, are remitted to the Sabha Office in time.

Beloved, every blessing in life is a Divine gift. God has entrusted us with the responsibility to use our material and spiritual resources in the right manner. We are not the owners of the resources, but custodians only. We are called this day to take part in the ministry of God's kingdom and the welfare of others from the blessings that God has given us.

*"What shall I return to the Lord for all his goodness to me?*
*I will lift up the cup of salvation and call on the name of the Lord" (Ps. 116:12-13).*

May God's grace be with you all.

Dated 30th May 2024 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**